"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2692/2026/GAD തീയതി,തിരുവനന്തപുരം, 31-05-2026

---

**<u>ഉത്തരവ്</u>**

നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് ചുവടെ ചേർക്കും പ്രകാരം ഭരണസൗകര്യാർത്ഥം ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അഡീഷണൽ നിയമ സെക്രട്ടറിയും നിലവിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെൻ്റ് ഫണ്ട് ബോർഡിലെ ലീഗൽ യൂണിറ്റിൽ ലാ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ജ്യോതി പ്രദീപ് (PEN: 152232) -ന്റെ അന്യത്രസേവന കാലാവധി അവസാനിപ്പിച്ച് നിയമവകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് നിലവിലുള്ള ഒഴിവിൽ നിയമ (നിയമനിർമ്മാണ എ, ബി & സി) വകുപ്പുകളുടെ അഡീഷണൽ നിയമ സെക്രട്ടറിയായി നിയമിക്കുന്നു.

അഡീഷണൽ നിയമ സെക്രട്ടറിയും നിലവിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള സംസ്ഥാന വയോജന കമ്മീഷനിൽ രജിസ്ട്രാറായും സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സ്മിത സാം (PEN: 152167) -ന്റെ അന്യത്രസേവന കാലാവധി അവസാനിപ്പിച്ച് ശ്രീമതി. ജ്യോതി പ്രദീപ് -നെ സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിലെ ലീഗൽ യൂണിറ്റിൽ ലാ ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I, ചട്ടം 140 (സി) - ലെ വ്യവസ്ഥകൾക്കും അന്യത്രസേവനത്തിന് ബാധകമായ നിലവിലെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ

ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയമ വകുപ്പ് മുഖേന)
നിയമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, തിരുവനന്തപുരം
കേരള സംസ്ഥാന വയോജന കമ്മീഷൻ
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
സെക്ഷൻ ഓഫീസർ
Date: 01-06-2026 11:19:54